അൽഖിയാമഃ
(ഉയിർത്തെഴുന്നേൽപ്)

سُورَةُ القِيَامَةِ

അദ്ധ്യായം - 75

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഉയിർത്തെഴുന്നേൽപിൻെറ നാളു കൊണ്ട് ഞാനിതാ സത്യം ചെയ്യുന്നു.

2. കുറ്റപ്പെടുത്തുന്ന മനസ്സിനെക്കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു.

3. മനുഷ്യൻ വിചാരിക്കുന്നുണ്ടോ; നാം അവൻെറ എല്ലുകളെ ഒരുമിച്ചു കൂട്ടുകയില്ലെന്ന്?[1]

4. അതെ, നാം അവൻെറ വിരൽതുമ്പുകളെപോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ.[2]

5, 6. പക്ഷെ (എന്നിട്ടും) മനുഷ്യൻ അവൻെറ ഭാവിജീവിതത്തിൽ തോന്നിവാസം ചെയ്യാനുദ്ദേശിക്കുന്നു. എപ്പോഴാണ് ഈ ഉയിർത്തെഴുന്നേൽപിൻെറ നാൾ എന്നവൻ ചോദിക്കുന്നു.

7–9. എന്നാൽ കണ്ണഞ്ചിപ്പോകുകയും ചന്ദ്രന്ന് ഗ്രഹണം ബാധിക്കുകയും സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ!

10. അന്നേദിവസം മനുഷ്യൻ പറ

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

لَا أُقْسِمُ بِيَوْمِ الْقِيَامَةِ ﴿١﴾

وَلَا أُقْسِمُ بِالنَّفْسِ اللَّوَّامَةِ ﴿٢﴾

أَيَحْسَبُ الْإِنسَانُ أَلَّن نَّجْمَعَ عِظَامَهُ ﴿٣﴾

بَلَىٰ قَادِرِينَ عَلَىٰ أَن نُّسَوِّيَ بَنَانَهُ ﴿٤﴾

بَلْ يُرِيدُ الْإِنسَانُ لِيَفْجُرَ أَمَامَهُ ﴿٥﴾

يَسْأَلُ أَيَّانَ يَوْمُ الْقِيَامَةِ ﴿٦﴾

فَإِذَا بَرِقَ الْبَصَرُ ﴿٧﴾ وَخَسَفَ الْقَمَرُ ﴿٨﴾

وَجُمِعَ الشَّمْسُ وَالْقَمَرُ ﴿٩﴾

يَقُولُ الْإِنسَانُ يَوْمَئِذٍ أَيْنَ الْمَفَرُّ ﴿١٠﴾

---

1 'ഞങ്ങൾ മണ്ണും അസ്ഥിശകലങ്ങളുമായി മാറിക്കഴിഞ്ഞാലും ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുമോ' എന്ന് ചോദിച്ചിരുന്നവരോടാണ് ഈ ചോദ്യം. ഒരിക്കൽ മനുഷ്യശരീരത്തെ ശരിയായ വ്യവസ്ഥയിൽ സംവിധാനിച്ചവന് ചിന്നിച്ചിതറിയ അസ്ഥിശകലങ്ങളെ പുനഃസ്സംയോജിപ്പിക്കുക ഒട്ടും വിഷമകരമാവില്ല.

2 കോടാനുകോടി മനുഷ്യരിൽ ഓരോരുത്തരുടെയും വിരൽതുമ്പുകൾ തികച്ചും വ്യത്യസ്തമാണ്. തിരിച്ചറിയാനുള്ള ഒരിക്കലും മാറിപോകാത്ത ഉപാധിയത്രെ വിരലടയാളം. വിരൽതുമ്പുകളുടെ വലുപ്പത്തിലുള്ള ആനുപാതിക വ്യത്യാസവും അത്യന്തം പ്രയോജനകരമാണ്. ഇതൊക്കെ അല്ലാഹുവിൻെറ സൃഷ്ടിവൈഭവത്തിൻെറ ഉത്തമ നിദർശനമത്രെ.

യും; എവിടെയാണ് ഓടി രക്ഷപ്പെടാനുള്ളതെന്ന്.

كَلَّا لَا وَزَرَ ﴿١١﴾

11. ഇല്ല. യാതൊരു രക്ഷയുമില്ല.[1]

إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمُسْتَقَرُّ ﴿١٢﴾

12. നിന്റെ രക്ഷിതാവിങ്കലേക്കാണ് അന്നേ ദിവസം ചെന്നുകൂടൽ.

يُنَبَّؤُا۟ ٱلْإِنسَٰنُ يَوْمَئِذٍۭ بِمَا قَدَّمَ وَأَخَّرَ ﴿١٣﴾

13. അന്നേ ദിവസം മനുഷ്യൻ മുൻകൂട്ടി ചെയ്തതിനെപ്പറ്റിയും നീട്ടിവെച്ചതിനെപ്പറ്റിയും അവന്ന് വിവരമറിയിക്കപ്പെടും.

بَلِ ٱلْإِنسَٰنُ عَلَىٰ نَفْسِهِۦ بَصِيرَةٌ ﴿١٤﴾

14. തന്നെയുമല്ല. മനുഷ്യൻ തനിക്കെതിരിൽ തന്നെ ഒരു തെളിവായിരിക്കും.

وَلَوْ أَلْقَىٰ مَعَاذِيرَهُۥ ﴿١٥﴾

15. അവൻ ഒഴികഴിവുകൾ സമർപ്പിച്ചാലും ശരി.

لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ﴿١٦﴾

16. നീ അത് (ഖുർആൻ) ധൃതിപ്പെട്ട് ഹൃദിസ്ഥമാക്കാൻ വേണ്ടി അതും കൊണ്ട് നിന്റെ നാവു ചലിപ്പിക്കേണ്ട.

إِنَّ عَلَيْنَا جَمْعَهُۥ وَقُرْءَانَهُۥ ﴿١٧﴾

17. തീർച്ചയായും അതിന്റെ (ഖുർആന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു.[2]

فَإِذَا قَرَأْنَٰهُ فَٱتَّبِعْ قُرْءَانَهُۥ ﴿١٨﴾

18. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക.

ثُمَّ إِنَّ عَلَيْنَا بَيَانَهُۥ ﴿١٩﴾

19. പിന്നീട് അത് വിവരിച്ചു തരലും നമ്മുടെ ബാധ്യതയാകുന്നു.

كَلَّا بَلْ تُحِبُّونَ ٱلْعَاجِلَةَ ﴿٢٠﴾

20. അല്ല, നിങ്ങൾ ക്ഷണികമായ ഈ ജീവിതത്തെ ഇഷ്ടപ്പെടുന്നു.

وَتَذَرُونَ ٱلْءَاخِرَةَ ﴿٢١﴾

21. പരലോകത്തെ നിങ്ങൾ വിട്ടേക്കുകയും ചെയ്യുന്നു.

---

1 'വസർ' എന്ന വാക്കിന് രക്ഷ എന്നും, രക്ഷാസങ്കേതം എന്നും അർത്ഥമുണ്ട്.

2 ജിബ്‌രീൽ എന്ന മലക്ക് അല്ലാഹുവിന്റെ സന്ദേശം കേൾപ്പിച്ചുപോയിക്കഴിഞ്ഞാൽ ഉടനെ നബി (ﷺ) അത് ഹൃദിസ്ഥമാക്കാൻ വേണ്ടി ആവർത്തിച്ച് ഉരുവിടുക പതിവായിരുന്നു. അങ്ങനെ ഉരുവിട്ടു പഠിച്ചില്ലെങ്കിൽ മറന്നുപോകുമോ എന്ന് അദ്ദേഹത്തിന് ആശങ്കയായിരുന്നു. ഈ ആശങ്ക അസ്ഥാനത്താണെന്നും വിശുദ്ധ ഖുർആൻ മുഴുവൻ അദ്ദേഹത്തിന്റെ മനസ്സിൽ സമാഹരിച്ചു നിർത്തുന്ന കാര്യം അല്ലാഹു തന്നെ ചെയ്യുന്നതാണെന്നും ഈ വചനങ്ങൾ വ്യക്തമാക്കുന്നു.

وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ٢٢

22. ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും

إِلَىٰ رَبِّهَا نَاظِرَةٌ ٢٣

23. അവരുടെ രക്ഷിതാവിൻെറ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും.

وَوُجُوهٌ يَوْمَئِذٍ بَاسِرَةٌ ٢٤

24. ചില മുഖങ്ങൾ അന്നു കരുവാളിച്ചതായിരിക്കും.

تَظُنُّ أَن يُفْعَلَ بِهَا فَاقِرَةٌ ٢٥

25. ഏതോ അത്യാപത്ത് അവയെ പിടികൂടാൻ പോകുകയാണ് എന്ന് അവർ വിചാരിക്കും.

كَلَّآ إِذَا بَلَغَتِ ٱلتَّرَاقِيَ ٢٦

26. അല്ല, (പ്രാണൻ) തൊണ്ടക്കുഴിയിൽ എത്തുകയും,

وَقِيلَ مَنْ ۜ رَاقٍ ٢٧

27. മന്ത്രിക്കാനാരുണ്ട് എന്ന് പറയപ്പെടുകയും,

وَظَنَّ أَنَّهُ ٱلْفِرَاقُ ٢٨

28. അത് (തൻെറ) വേർപാടാണെന്ന് അവൻ ഉറപ്പാക്കുകയും,

وَٱلْتَفَّتِ ٱلسَّاقُ بِٱلسَّاقِ ٢٩

29. കണങ്കാലും കണങ്കാലുമായി കൂടിപ്പിണയുകയും ചെയ്താൽ,[1]

إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمَسَاقُ ٣٠

30. അന്ന് നിൻെറ രക്ഷിതാവിങ്കലേക്കായിരിക്കും തെളിച്ചുകൊണ്ടുപോകുന്നത്.

فَلَا صَدَّقَ وَلَا صَلَّىٰ ٣١

31. എന്നാൽ അവൻ വിശ്വസിച്ചില്ല. നമസ്കരിച്ചതുമില്ല.

وَلَٰكِن كَذَّبَ وَتَوَلَّىٰ ٣٢

32. പക്ഷെ അവൻ നിഷേധിക്കുകയും പിന്തിരിയുകയും ചെയ്തു.

ثُمَّ ذَهَبَ إِلَىٰٓ أَهْلِهِۦ يَتَمَطَّىٰٓ ٣٣

33. എന്നിട്ടു ദുരഭിമാനം നടിച്ചുകൊണ്ട് അവൻ അവൻെറ സ്വന്തക്കാരുടെ അടുത്തേക്ക് പോയി.

أَوْلَىٰ لَكَ فَأَوْلَىٰ ٣٤

34. (ശിക്ഷ) നിനക്കേറ്റവും അർഹമായതു തന്നെ. നിനക്കേറ്റവും അർഹമായതു തന്നെ.

ثُمَّ أَوْلَىٰ لَكَ فَأَوْلَىٰٓ ٣٥

35. വീണ്ടും നിനക്കേറ്റവും അർഹമാ

1 മരണവെപ്രാളം കൊണ്ട് കണങ്കാലുകൾ കൂടിപ്പിണയുന്ന അവസ്ഥയായിരിക്കാം ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത്.

യതു തന്നെ. നിനക്കേറ്റവും അർഹമായതുതന്നെ[1]

أَيَحۡسَبُ ٱلۡإِنسَٰنُ أَن يُتۡرَكَ سُدًى ٣٦

36. മനുഷ്യൻ വിചാരിക്കുന്നുവോ; അവൻ വെറുതെയങ്ങു വിട്ടേക്കപ്പെടുമെന്ന്!

أَلَمۡ يَكُ نُطۡفَةٗ مِّن مَّنِيّٖ يُمۡنَىٰ ٣٧

37. അവൻ സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ?

ثُمَّ كَانَ عَلَقَةٗ فَخَلَقَ فَسَوَّىٰ ٣٨

38. പിന്നെ അവൻ ഒരു ഭ്രൂണമായി. എന്നിട്ട് അല്ലാഹു (അവനെ) സൃഷ്ടിച്ചു സംവിധാനിച്ചു.

فَجَعَلَ مِنۡهُ ٱلزَّوۡجَيۡنِ ٱلذَّكَرَ وَٱلۡأُنثَىٰٓ ٣٩

39. അങ്ങനെ അതിൽ നിന്ന് ആണും പെണ്ണുമാകുന്ന രണ്ടു ഇണകളെ അവൻ ഉണ്ടാക്കി.

أَلَيۡسَ ذَٰلِكَ بِقَٰدِرٍ عَلَىٰٓ أَن يُحۡـِۧيَ ٱلۡمَوۡتَىٰ ٤٠

40. അങ്ങനെയുള്ളവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലേ?

---

1 ശിക്ഷയുടെ സുനിശ്ചിതത്വം ഊന്നിപ്പറയാൻ വേണ്ടിയാണ് നാലുപ്രാവശ്യം അതിനെപ്പറ്റി ആവർത്തിച്ചു പറഞ്ഞത്.